# കത്തോലിക്ക കോൺഗ്രസ്

## സംഘടന തെരഞ്ഞെടുപ്പ് വിജ്ഞാപനം

കത്തോലിക്ക കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി യോഗം 5.1.2024ന് ചേർന്ന് 2024-27വർഷത്തെ സംഘടന തിരഞ്ഞെടുപ്പ് നടത്തുന്നതിന് ഇലക്ഷൻ ബോർഡും ട്രൈബ്യൂണലും രൂപീകരിച്ചു. ഇലക്ഷൻ ബോർഡ് അംഗങ്ങളായി ഞങ്ങളെ വർക്കിംഗ് കമ്മിറ്റി തെരഞ്ഞെടുത്തതായി അറിയിപ്പു ലഭിച്ചപ്രകാരം 8.1.2024ന് ഉച്ചകഴിഞ്ഞ് 2 മണിക്ക് ഇലക്ഷൻ ബോർഡ് ചെയർമാൻ അഡ്വ.ബോബി ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ ബോർഡംഗങ്ങളായ അഡ്വ.ജോൺസൺ മാത്യു, അഡ്വ.സോജൻ മൈക്കിൾ എന്നിവർ യോഗം ചേർന്ന് ഇലക്ഷൻ ബോർഡിന്റെ ആസ്ഥാനം കത്തോലിക്ക കോൺഗ്രസ് രജിസ്റ്റേഡ് കാര്യാലയത്തിൽ പ്രവർത്തിക്കുവാനും, 20-1-2024 രണ്ടാമതു യോഗം ചെയർമാൻ അഡ്വ.ബോബി ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് കത്തോലിക്ക കോൺഗ്രസ് ഭരണഘടനാപ്രകാരം ഇലക്ഷൻ നടത്തുന്നതിന് തീരുമാനിച്ചതനുസരിച്ച് പുറപ്പെടുവിക്കുന്ന ഇലക്ഷൻ വിജ്ഞാപനം.

**കത്തോലിക്ക കോൺഗ്രസ് കേന്ദ്ര ഇലക്ഷൻ ബോർഡ്**

1) അഡ്വ. ബോബി ജോർജ്, മണ്ണാപ്പറമ്പിൽ,
തൊടുപുഴ ഈസ്റ്റ് പി . ഒ.
(ഇലക്ഷൻ ബോർഡ് ചെയർമാൻ)

2) അഡ്വ . ജോൺസൺ മാത്യു വീട്ടിയാങ്കൽ,
അരുവിത്തുറ ആർക്കേഡ്, അരുവിത്തുറ പി. ഒ.,

3) അഡ്വ . സോജൻ മൈക്കിൾ
ഗോൾഡൻ ജൂബിലി ചേമ്പർ കോംപ്ലക്സ്,
ഹൈക്കോർട്ടിന് സമീപം, എറണാകുളം

**ഫോർ കമ്മ്യൂണിക്കേഷൻ**

അഡ്വ . ജോൺസൺ മാത്യു, വീട്ടിയാങ്കൽ
മൊബൈൽ : 9447506723
ccelections24@gmail.com

**ഓഫീസ് കമ്മ്യൂണിക്കേഷൻ**

ഇലക്ഷൻ ബോർഡ് ചെയർമാൻ
കത്തോലിക്ക കോൺഗ്രസ്
രജിസ്റ്റേഡ് ഓഫീസ്
കഞ്ഞിക്കുഴി, മുട്ടമ്പലം പി. ഒ., കോട്ടയം

### <u>ശാഖാ തെരഞ്ഞെടുപ്പും രജിസ്ട്രേഷനും</u>

**2024 January 21-**ശാഖകളിൽ അംഗത്വ വിതരണം / അംഗത്വം പുതുക്കൽ / പുതിയ ശാഖകൾ ചേർക്കൽ തുടങ്ങിയവ ആരംഭിക്കണം.

ശാഖകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ രണ്ട് വൈസ് പ്രസിഡന്റ്മാർ (ഒരാൾ വനിത) എന്നീ ഭാരവാഹികളോടൊപ്പം ആകെ 11 ൽ കുറയാതെയും, 17 ൽ കൂടാതെയും അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ഭരണസമിതിയെ ശാഖാ അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കേണ്ടതാണ്. ശാഖാ സമിതിയുടെ കാലാവധി 3 വർഷം ആയിരിക്കും. ശാഖാ ഡയറക്റ്ററോ, അദ്ദേഹം രേഖാമൂലം ചുമതല പ്പെടുത്തുന്ന ആളോ ആയിരിക്കണം തിരഞ്ഞെടുപ്പിന് മേൽനോട്ടം വഹിക്കേണ്ടത്.

**2024 March 23**നകം - ശാഖ തെരഞ്ഞെടുപ്പുകൾ പൂർത്തിയാക്കി രജിസ്റ്റർ ചെയ്യണം. നിശ്ചിത സമയത്ത് രജിസ്ട്രേഷൻ പൂർത്തിയാക്കിയ യൂണിറ്റ് ഘടകങ്ങൾക്കും അംഗങ്ങൾക്കും മാത്രമേ മേൽ സമിതികളിലെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ.

ഏതെങ്കിലും വിധത്തിലുള്ള കുടിശ്ശിഖയുണ്ടായിരുന്നാൽ അംഗങ്ങൾക്കും, ഘടകങ്ങൾക്കും തെരഞ്ഞെടുപ്പിൽ പങ്കെടുക്കാൻ പറ്റുന്നതല്ല.

തെരഞ്ഞെടുപ്പ് പൂർത്തിയാക്കി രജിസ്റ്റർ ചെയ്യുന്ന ശാഖകളുടെ അംഗത്വ ലിസ്റ്റ്, രജിസ്ട്രേഷൻ ഫോം (FORM A) യഥാവിധി പൂരിപ്പിച്ചു പ്രസിഡന്റ്, സെക്രട്ടറി, 50 അംഗങ്ങൾക്ക് ശേഷം വരുന്ന ഓരോ 25 അംഗങ്ങൾക്ക് ഓരോ രൂപത പ്രതിനിധി എന്ന അനുപാതത്തിൽ രൂപത വരണാധികാരികളെ ഏൽപ്പിക്കണം . ഇതോടൊപ്പം തന്നെ കേന്ദ്ര /രൂപത /ഫൊറോനവിഹിതങ്ങളും, ബുള്ളറ്റിൻ ഫീസായ 100 രൂപയും പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഓരോ ശാഖയും 100 രൂപയും ചേർത്ത് രൂപതാ ട്രഷററെ ഏൽപ്പിക്കണം.

**2024 April 2**നകം രൂപത വരണാധികാരികൾ തങ്ങൾക്കു ലഭിച്ചിരിക്കുന്ന അംഗത്വലിസ്റ്റ് സഹിതം 'Form A' ഏപ്രിൽ 2ന് കേന്ദ്ര വരണാധികാരിക്ക് നൽകണം. രൂപത ട്രഷറർ കേന്ദ്ര വിഹിതം രജിസ്റ്റേർഡ് കാര്യാലയമായ കോട്ടയത്ത് നേരിട്ട് അടയ്ക്കുകയോ അല്ലെങ്കിൽ All Kerala Catholic Congress ന്റെ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ (യൂണിയൻ ബാങ്ക്) A/c No. 1142 1001 1100 788, IFSC Code: UBINO811424 കഞ്ഞിക്കുഴി കോട്ടയം ശാഖയിൽ ഓൺലൈൻ ആയി അടച്ച് രസീത് കേന്ദ്ര വരണാധികാരിയെ ബോധിപ്പിക്കണം.

## ഫൊറോനാ തെരഞ്ഞെടുപ്പുകൾ

**2024 April 8**നകം – ഫൊറോന തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉള്ളവരുടെ ലിസ്റ്റ് (ശാഖകളിലെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, വൈസ് പ്രസിഡന്റ്സ്, രൂപത പ്രതിനിധി/കൾ) രൂപത വരണാധികാരി ഫൊറോന വരണാധികാരികൾക്കും, കോപ്പികൾ കേന്ദ്ര വരണാധികാരിക്കും അയക്കണം

**2024 April 21**നുള്ളിൽ ഫൊറോന വരണാധികാരികളുടെ നേതൃത്വത്തിൽ ഫൊറോന തെരഞ്ഞെടുപ്പുകൾ നടത്തണം. ഒരു ഫൊറോനയിൽ 5 ൽ കുറയാത്ത ഇടവകകളിൽ ശാഖകൾ ഉണ്ടെങ്കിൽ ആ ഫൊറോനയിൽ ഫൊറോന സമിതി രൂപീകരിക്കാവുന്നതാണ്.

ഫൊറോന സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, രണ്ട് വൈസ് പ്രസിഡന്റുമാർ എന്നീ ഭാരവാഹികൾക്ക് പുറമേ 13 ൽ കുറയാതെയും 17 ൽ കൂടാതെയും അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ഭരണസമിതിയെ ഫൊറോനസമിതിയിലെ പ്രതിനിധിസഭയിൽ നിന്നും തിരഞ്ഞെടുക്കാവുന്നതാണ്. ഫൊറോനസമിതിയുടെ കാലാവധി മൂന്ന് വർഷമായിരിക്കും. വൈസ് പ്രസിഡന്റുമാരിൽ ഒരാൾ വനിത ആയിരിക്കണം. തിരഞ്ഞെടുപ്പ് നടന്നിട്ടുള്ള ഫൊറോനസമിതിയുടെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ ഇവർ രൂപത പ്രതിനിധി സഭാംഗങ്ങളായിരിക്കും.

ഫൊറോന വരണാധികാരിയെ നിശ്ചയിച്ചിട്ടില്ലെങ്കിൽ ടി ഫൊറോനയിലെ തിരഞ്ഞെടുപ്പ് ചുമതല രൂപത വരണാധികാരിയ്ക്ക് ആയിരിക്കും.

**2024 April 30** നകം ഫൊറോന വരണാധികാരികൾ തെരഞ്ഞെടുപ്പ് റിപ്പോർട്ടുകൾ (FORM B) രൂപത വരണാധികാരിയെയും, കേന്ദ്ര ഇലക്ഷൻ ബോർഡിനെയും അറിയി ക്കണം.

## രൂപതാ സമിതി തെരഞ്ഞെടുപ്പ്

താഴെ പറയുന്നവരെ അതാത് രൂപതകളിലെ ഇലക്ഷൻ നടത്തുന്നതിന് ചുമതലയുള്ള വരണാധികാരികളായി ഇലക്ഷൻ ബോർഡ് നിശ്ചയിച്ചിരിക്കുന്നു. ഇവരുടെ നേതൃത്വത്തിൽ രൂപതകളിൽ ഇലക്ഷൻ പൂർത്തിയാക്കണം.

| | |
|---|---|
| തലശ്ശേരി | മോൺ സെബാസ്റ്റ്യൻ പാലക്കുഴി |
| | അഡ്വ. സെബാസ്റ്റ്യൻ ജേക്കബ്ബ് കാറുകുളം |
| മാനന്തവാടി | ഫാ. ജോബി മുക്കാട്ടുകാവുങ്കൽ |
| | അഡ്വ.സിന്ധു സെബാസ്റ്റ്യൻ |
| താമരശ്ശേരി | ഫാ. മാത്യു തൂമുള്ളിൽ |
| | അഡ്വ.ജിമ്മി ജോർജ്ജ് ചെറുകാട്ടിൽ |
| പാലക്കാട് | ഫാ. ബിജു കല്ലിങ്കൽ |
| | അഡ്വ.റെജിമോൻ ജോസഫ് പെട്ടനാൽ |
| തൃശ്ശൂർ | ഫാ. വർഗ്ഗീസ് കുത്തൂർ |
| | അഡ്വ.ബിജു കുണ്ടുകുളം |
| ഇരിങ്ങാലക്കുട | ഫാ. പോളി കണ്ണൂക്കാടൻ |
| | അഡ്വ.നിക്സൺ വർഗ്ഗീസ് മഞ്ഞളി |
| കോതമംഗലം | ഫാ. മാനുവൽ പിച്ചളക്കാട്ട് |
| | അഡ്വ. ബാബു കുമ്പളാങ്കൽ |
| ഇടുക്കി | അഡ്വ.ജോജി ജോർജ്ജ് പാലിയത്ത് |
| | ചുമ്മാർ സി. മാത്യു തുണ്ടത്തിൽ |
| കാഞ്ഞിരപ്പള്ളി | ഫാ. മാത്യു പാലക്കുടി |
| | അഡ്വ.സോണി തോമസ് പുരയിടത്തിൽ |
| പാലാ | ഫാ. ജോർജ്ജ് വർഗ്ഗീസ് ഞാറക്കുന്നേൽ |
| | അഡ്വ.ഷാജി സി. ജെ. ചാത്തനാട്ട് |
| ചങ്ങനാശ്ശേരി | ഫാ. സെബാസ്റ്റ്യൻ ചാമക്കാല |
| | അഡ്വ.ജോജി ചിറയിൽ |

രൂപത സമിതികളിൽ തിരഞ്ഞെടുപ്പ് നടത്തുന്നതിന് 25 ൽ കുറയാതെ ശാഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

രൂപത സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ നാല് വൈസ് പ്രസിഡന്റുമാർ (2 വനിതകൾ) എന്നീ 7 ഭാരവാഹികളും, രണ്ട് വനിതകൾ ഉൾപ്പെടെ 21 അംഗങ്ങളെ രൂപതാ കമ്മിറ്റിയിലേക്ക് രൂപതാപ്രതിനിധി സഭായോഗം കത്തോലിക്ക കോൺഗ്രസ് അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കണം. (7+2+12 = 21). സെക്രട്ടറിമാരെ പിന്നീട് നോമിനേറ്റ് ചെയ്യാവുന്നതാണ്.

ഒരോ രൂപത സമിതിയും രൂപത പ്രതിനിധിസഭാ യോഗം ചേർന്ന് 30 പ്രതിനിധികളെ (5 വനിതകൾ) കത്തോലിക്ക കോൺഗ്രസ് കേന്ദ്രപ്രതിനിധിസഭയിലേക്ക് തിരഞ്ഞെടുക്കണം.

25 ൽ കൂടുതൽ ശാഖകളുള്ള രൂപത സമിതികൾക്ക് കൂടുതലുള്ള ഓരോ 25 ശാഖക്കും രണ്ടു പേരെ വീതം പ്രതിനിധിസഭയിലേക്ക് തിരഞ്ഞെടുക്കാവുന്നതാണ്. (ഒരു രൂപതയിൽ ആകെ കേന്ദ്ര പ്രതിനിധി സഭാംഗങ്ങൾ 50 ൽ കൂടുതൽ ആകാൻ പാടില്ലാത്തതാകുന്നു.)

**2024 May 10** രൂപത വരണാധികാരികൾ, ശാഖകളിൽ /ഫൊറോനകളിൽ നിന്നും ലഭിച്ച രൂപത പ്രതിനിധി സഭാംഗങ്ങളുടെ ലിസ്റ്റ് രൂപത കേന്ദ്രങ്ങളിൽ വൈകിട്ട് 5 മണിക്ക് പ്രസിദ്ധീകരിക്കണം.

**2024 May 13** വരെ രൂപത പ്രതിനിധി സഭാംഗങ്ങളുടെ പ്രാഥമിക ലിസ്റ്റിനെപ്പറ്റിയുള്ള ആക്ഷേപം രൂപത വരണാധികാരികൾ സ്വീകരിക്കണം

**2024 May 16** ആക്ഷേപങ്ങൾ പരിഹരിച്ച അന്തിമ ലിസ്റ്റ് രൂപത വരണാധികാരികൾ, രൂപത കേന്ദ്രങ്ങളിൽ വൈകിട്ട് 5 മണിക്ക് പ്രസിദ്ധീകരിക്കണം.

**2024 May 19** ഞായർ – രാവിലെ 10 മണി മുതൽ 2 മണി വരെ നാമനിർദ്ദേശ പത്രികകൾ രൂപത വരണാധികാരികൾ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. അംഗീകരിച്ച സ്ഥാനാർത്ഥി ലിസ്റ്റ് രൂപത വരണാധികാരികൾ രൂപത കേന്ദ്രങ്ങളിൽ അന്ന് തന്നെ വൈകിട്ട് 5 മണിക്ക് ശേഷം പ്രസിദ്ധീകരിക്കണം.

**2024 May 21** ഉച്ച കഴിഞ്ഞു 2 മണി മുതൽ 4 മണി വരെ നാമനിർദ്ദേശ പ്രതിക പിൻവലിക്കാവുന്നതാണ്.

**2024 May 22** വൈകിട്ട് 5 മണിക്ക് അന്തിമ സ്ഥാനാർത്ഥി പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

**2024 May 26** ഞായർ – രൂപത വരണാധികാരികൾ നിശ്ചയിക്കുന്ന സ്ഥലത്തോ രൂപത കാര്യാലയത്തിലോ രാവിലെ 10 മുതൽ വൈകിട്ട് 4 വരെ, ഓരോ ഫൊറോനയിൽ നിന്നുള്ള പ്രതിനിധികൾക്ക് പ്രത്യേക സമയം നിശ്ചയിച്ച് ബാലറ്റിലൂടെ വോട്ടെടുപ്പ് നടത്തേണ്ടതാണ്. രൂപത വരണാധികാരികൾ വോട്ടെണ്ണൽ പൂർത്തിയാവുന്ന മുറയ്ക്ക് ഫലം പ്രഖ്യാപിക്കേണ്ടതാണ്.

**2024 May 31** രൂപത വരണാധികാരികൾ, രൂപത 'ഭാരവാഹികളുടെയും കേന്ദ്രപ്രതിനിധി സഭാംഗങ്ങളുടെയും ലിസ്റ്റ് (FORM C) കേന്ദ്ര കാര്യാലയത്തിൽ നേരിട്ടോ, അല്ലെങ്കിൽ, തപാൽ /കൊറിയർ വഴിയോ എത്തിക്കേണ്ടതാണ്. കേരളത്തിനു വെളിയിലുള്ള രൂപതാ കമ്മിറ്റികളും അഫിലിയേറ്റഡ്, അംഗീകൃത സംഘടനകളും ഭാരവാഹികളുടേയും കേന്ദ്ര പ്രതിനിധി സഭാംഗങ്ങളുടെയും അംഗീകൃത ലിസ്റ്റ് **ccelections24@gmail.com** ലേക്ക് മെയ് 31നകം അയച്ചു തരേണ്ടതാണ്.

## <u>കേന്ദ്ര സമിതി തിരഞ്ഞെടുപ്പ്</u>

കേന്ദ്ര സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ, 9 വൈസ് പ്രസിഡന്റുമാരിൽ ഒരാൾ വനിതയും, ഓരോരുത്തർ വീതം ക്നാനായ വിഭാഗത്തിൽ നിന്നും, പ്രോപ്പർ ടെറിട്ടറിക്ക് പുറത്തു ഇന്ത്യക്ക് അകത്തു നിന്നും, മൂന്നു പേർ ഇന്ത്യക്ക് വെളിയിൽ നിന്നുമായി തെരഞ്ഞെടുക്കണം.

**2024 June 5** കേന്ദ്ര ഇലക്ഷൻ ബോർഡ്, രൂപതകളിൽ നിന്നും അംഗസംഘടനകളിൽ നിന്നും, അംഗീകൃത സംഘടനകളിൽ നിന്നും ലഭിച്ചിട്ടുള്ള, കേന്ദ്ര പ്രതിനിധി സഭാംഗങ്ങളുടെ ലിസ്റ്റ്, രജിസ്റ്റേർഡ് കാര്യാലയത്തിലും, www.catholiccongress.org എന്ന ഒഫീഷ്യൽവെബ്സൈറ്റിലും പ്രസിദ്ധീകരി ക്കുന്നതാണ്.

**2024 June 13** വൈകിട്ട് 5 മണി വരെ പ്രാഥമിക ലിസ്റ്റിനെപറ്റി ആക്ഷേപം ഉണ്ടെങ്കിൽ രജിസ്റ്റേഡ് കാര്യാലയത്തിലോ, ഇലക്ഷൻ ബോർഡിലേക്കോ പരാതി സമർപ്പിക്കാവു ന്നതാണ്. പ്രാഥമിക ലിസ്റ്റിനെകുറിച്ച് പരാതിയുള്ളവർ, ആവശ്യമുള്ള രേഖകൾ സഹിതം ഹിയറിങ്ങിനായി രജിസ്റ്റേഡ് കാര്യാലയത്തിൽ, ഇലക്ഷൻ ബോർഡിന് മുമ്പാകെ ഹാജരാകേണ്ടതാണ്.

**2024 June 14** ആക്ഷേപങ്ങളിൽ അന്തിമ തീരുമാനം സ്വീകരിച്ച്, അന്തിമ ലിസ്റ്റ്, രജിസ്റ്റേർഡ് കാര്യാലയത്തിലും, www.catholiccongress.org എന്ന ഒഫീഷ്യൽ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്.

**2024 June 15** ഇന്ത്യൻ സമയം വൈകിട്ട് 4 മുതൽ ജൂൺ 16 ഉച്ചക്ക് 1 വരെ നോമിനേഷൻ, **ccelections24@gmail.com**ലേക്ക് കേന്ദ്ര ഇലക്ഷൻ ബോർഡിനു സമർപ്പിക്കാവുന്നതാണ്. ഇ മെയിലിലൂടെ നോമിനേഷൻ സമർപ്പിക്കുന്നവർ സർക്കാർ അംഗീകരിച്ച ഏതെങ്കിലും ഒരു ഐഡി പ്രൂഫ് സമർപ്പിക്കേണ്ടതാണ്.

**2024 June 16** രാവിലെ 10 മുതൽ ഉച്ചക്ക് 1 വരെ നോമിനേഷൻ കേന്ദ്ര ഇലക്ഷൻ ബോർഡിന് രജിസ്റ്റേഡ് കാര്യാലയത്തിൽ വച്ച് നേരിട്ട് സമർപ്പിക്കാവുന്നതാണ്.

**2024 June 17** കേന്ദ്ര ഇലക്ഷൻ ബോർഡ് നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന രജിസ്റ്റേഡ് കാര്യാലയത്തിൽ വച്ച് നടത്തുന്നതാണ്.

**20024 June 18** വൈകിട്ട് 4 മണിക്ക് സാധുവായ സ്ഥാനാർത്ഥികളുടെ ലിസ്റ്റ്, രജിസ്റ്റേർഡ് കാര്യാലയത്തിലും, www.catholiccongress.org എന്ന ഒഫീഷ്യൽ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്.

**2024 June 20** ഉച്ചക്ക് 1 മണി വരെ നാമനിർദ്ദേശ പത്രികകൾ പിൻവലിക്കുന്നതിന് അവകാശം ഉണ്ടായിരിക്കുന്നതാണ്. പത്രികൾ ഇമെയിൽ വഴിയും പിൻവലിക്കാവുന്നതാണ്.

**2024 June 21** വൈകിട്ട് 5 മണിക്ക് അന്തിമ സ്ഥാനാർത്ഥി പട്ടിക രജിസ്റ്റേർഡ് കാര്യാലയത്തിലും, www.catholiccongress.org എന്ന ഒഫീഷ്യൽ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്.

**2024 June 23** ഞായർ രാവിലെ 10 മുതൽ ഉച്ചക്ക് 2 മണി വരെ കേന്ദ്ര വരണാധികാരികൾ നിശ്ചയിക്കുന്ന സ്ഥലത്തെത്തി വോട്ടുകൾ രേഖപ്പെടുത്തുക. FORMൽ രേഖപ്പെടുത്തിയിരിക്കുന്ന ഈമെയിൽ ഐ.ഡി. ഉപയോഗിച്ചായിരിക്കണം ഓൺലൈൻ വോട്ട് രേഖപ്പെടുത്തേണ്ടത്.

**2024 June 23** ഉച്ചക്ക് 2 മണിക്ക് രജിസ്റ്റേഡ് കാര്യാലയത്തിൽ വെച്ച് സ്ഥാനാർത്ഥികളുടെ അല്ലെങ്കിൽ കൗണ്ടിംഗ് ഏജന്റ്മാരുടെ സാന്നിദ്ധ്യത്തിൽ കേന്ദ്ര ഇലക്ഷൻ ബോർഡ്, ബാലറ്റ്/ഓൺലൈൻ ബോക്സ് തുറന്നു രേഖപ്പെടുത്തിയ വോട്ടുകൾ എണ്ണുന്നതാണ്. വോട്ടെണ്ണൽ പൂർത്തിയാവുന്ന മുറക്ക് കേന്ദ്ര തിരഞ്ഞെടുപ്പ് ഫലം രജിസ്റ്റേഡ് കാര്യാലയത്തിൽ വെച്ച് കേന്ദ്ര ഇലക്ഷൻ ബോർഡ് ചെയർമാൻ പ്രഖ്യാപിക്കുന്നതാണ്.

NB.: ശാഖാ, ഫൊറോന, രൂപത, കേന്ദ്ര ഭരണസമിതികളിലും കമ്മിറ്റികളിലും നിശ്ചിത എണ്ണം യൂത്ത്, വനിത പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുമല്ലോ.

Bobby George

കോട്ടയം
20-1-2024

**അഡ്വ. ബോബി ജോർജ്ജ്**
ഇലക്ഷൻ ബോർഡ് ചെയർമാൻ